**മന്നത്ത് പത്മനാഭന്റെ ജന്മദിനമായ ജനുവരി രണ്ട് ഇനി മുതൽ സർക്കാർ – അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ നായർ ജാതികൾക്ക് നിയന്ത്രിത അവധി കൊടുക്കാൻ സർക്കാർ ഉത്തരവിറക്കിയതിന് പിന്നിലെ രാഷ്ട്രീയ അസംബന്ധം തുറന്നുകാട്ടുന്നു എസ്. നാരായണൻ**

# ഉമ്മത്ത് ചാണ്ടി നായർ!

ഗാന്ധി പറഞ്ഞു: ജീവിതം എന്നത് അന്യോന്യം ഇടയുന്ന കർത്തവ്യങ്ങളുടെ കുരുക്കാണ്. വേറൊരു അർത്ഥത്തിൽ, ജീവിതം ഒരു ഞാണിൻമേൽ കളിയാണെന്നാണ് ഗാന്ധി പറഞ്ഞത്. ചരട് കാലിൽ കുരുങ്ങിയോ കഴുത്തിൽ മുറുകിയോ ജീവിതത്തിന്റെ ഒഴുക്ക് തടസ്സപ്പെടാൻ അനുവദിക്കരുത്. ('ഞാണിൻമേൽക്കളി' എന്ന പേരിൽ വി.കെ.എൻ ഒരു പുസ്തകം തന്നെ എഴുതിയിട്ടുണ്ട്.) കാലിലെ കുരുക്ക് അഴിക്കുമ്പോൾ കഴുത്തിലേത് മുറുകും, കഴുത്തിലേത് അഴിക്കുമ്പോൾ അരയിലേത് മുറുകും. കുരുക്കുകളൊക്കെ മുറുകാതെ നോക്കുകയും പറ്റാവുന്നത്ര അഴിച്ചുമാറ്റുകയും അതേസമയം ചരടിൻമേൽ ബാലൻസ് തെറ്റാതെ കളി തുടരുകയുമാണ് യഥാർത്ഥ ഗാന്ധിയൻ ജീവിതശൈലി എന്നു പറയുന്നത്. ഏതു കാര്യത്തിലും വെള്ളം ചേർക്കാത്ത, യഥാർത്ഥ ഗാന്ധിയൻ സമീപനങ്ങൾ കടുകിട തെറ്റാതെ അനുവർത്തിക്കുന്ന ഒരൊറ്റയാളേ ഇന്നു ജീവിച്ചിരിപ്പുള്ളൂ. നമ്മുടെ ഭാഗ്യത്തിന് അദ്ദേഹം ഇന്ന് കേരളത്തിന്റെ മുഖ്യമന്ത്രിയാണ്!

'ഹന്ത ഭാഗ്യം ജനാനാം' എന്ന് സാക്ഷാൽ ഗുരുവായൂരപ്പനെപ്പറ്റിയാണ് മേൽപ്പത്തൂർ നാരായണ ഭട്ടതിരി പാടിയത്. ഈയിടെ പെരുന്നയിൽ നിന്നും അതിന്റെ അലയൊലികൾ മുഴങ്ങിക്കേട്ടു. നായർ സൊസൈറ്റിയുടെ സെക്രട്ടറി സുകുമാരൻ നായരാണ് നായർസമുദായാചാര്യൻ മന്നത്ത് പത്മനാഭന്റെ നൂറ്റിമുപ്പത്തിയഞ്ചാം ജയന്തി ആഘോഷത്തോടനുബന്ധിച്ച്, മഹാബലിയെപ്പറ്റിപ്പോലും പറയാത്ത വാക്കുകളോടെ ഉമ്മൻഗാന്ധിയെ മുക്തകണ്ഠം പുകഴ്ത്തിയത്. നായർസമുദായാചാര്യൻ മന്നത്ത് പത്മനാഭന്റെ ജന്മദിനമായ ജനുവരി രണ്ട് ഇനി മുതൽ സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ നായർ ജാതികൾക്ക് നിയന്ത്രിത അവധി കൊടുക്കാൻ സർക്കാർ ഉത്തരവിറക്കിയിരിക്കുകയാണ്. ഉമ്മൻ ചാണ്ടി പുറപ്പെടുവിച്ച ഈ ഉത്തരവാണ് മിസ്റ്റർ നായർക്ക് സന്തോഷം കൊണ്ട് നിൽക്കാനും ഇരിക്കാനും കിടക്കാനും പറ്റാത്ത അവസ്ഥയുണ്ടാക്കിയത്. അദ്ധ്യാപകർക്കും ഇത് ബാധകമാക്കിയിരിക്കുന്നതിനാൽ വിദ്യാർത്ഥികൾക്ക് വളരെ ചെറുപ്പത്തിൽത്തന്നെ നായർമാഷിനെയും തിയ്യൻമാഷിനെയുമൊക്കെ വേർ



## എൻ.എസ്.എസ്സിൻെറ ആവശ്യങ്ങൾ നീതിപൂർവ്വം പരിഗണിക്കും – മുഖ്യമന്ത്രി

**അടുത്തു നടക്കാൻ പോകുന്ന പിറവം ഉപതെരഞ്ഞെടുപ്പിൽ ജയിക്കാൻ വേണ്ടിയാണ് നായരുടെ നേതാവിന്റെ ജന്മദിനത്തിൽ നായർക്കവധി നടപ്പാക്കിയതെന്നുള്ള പ്രചരണങ്ങൾ തൽപ്പരകക്ഷികളുടെ കുപ്രചരണങ്ങൾ മാത്രമാണ്. ഇതിന്റെ പേരിൽ മന്നത്ത് പത്മനാഭന്റെ സമാധിസ്ഥലത്തിനു ചാരെ ഉമ്മത്തു ചാണ്ടി നായർക്ക് അടുത്ത വർഷം മുതൽ ഒരു വെള്ളം കിണ്ടിയും ഒരു കെടാവിളക്കും നായർകുലം നിലനിൽക്കുന്ന കാലത്തോളം ഉണ്ടാകാൻ സാധ്യതയുണ്ട്**

തിരിച്ചറിയാൻ സാധിക്കും. ഈ തിരിച്ചറിവോടെ വളരുന്ന പുതിയ തലമുറയിലാണ് ഇനി കേരളത്തിന്റെ പ്രതീക്ഷ. ഇത്രയും ദൂരവ്യാപകമായ വീക്ഷണം പുലർത്തുന്ന നേതാക്കൾ നമുക്കില്ലാതെ പോയതാണ് പല മേഖലകളിലുമുള്ള നമ്മുടെ പതനത്തിനു കാരണം. ഈ ഉത്തരവിന്റെ പൂർണ ഫലം കിട്ടണമെങ്കിൽ സ്കൂൾ കോളേജ് തലങ്ങളിൽ പഠിക്കുന്ന നായർ വിദ്യാർത്ഥികൾക്കും കൂടി അന്നേ ദിവസം അവധി കൊടുക്കേണ്ടതാണ്. അതിന്റെ ഉത്തരവ് ഒരു പക്ഷേ നൂറ്റിമുപ്പത്തിയാറാം ജയന്തി ദിനത്തിൽ ഉണ്ടാകുമായിരിക്കും. ഒരു വർഷം വെറുതെ നഷ്ടപ്പെടുത്തേണ്ട ഒരു കാര്യവുമില്ലായിരുന്നു.

ദൂരവ്യാപകമായ വീക്ഷണം തൊട്ടുതീണ്ടാത്തവർ ചരിത്രത്തിൽ ഇടപെട്ടതുകൊണ്ടാണ് ക്ഷേത്രപ്രവേശനവിളംബരം പോലുള്ള വേണ്ടാതീനങ്ങൾ ഇവിടെ സംഭവിച്ചത്. തിരുവിതാംകൂർ രാജവംശത്തിൽ പിറന്ന ശ്രീമൂലം തിരുനാൾ രാജാവിൽ നിന്ന് സാമൂഹ്യ ബോധം പ്രതീക്ഷിക്കുന്നതു തന്നെ തെറ്റാണ്. ജാതീയതയെ എതിർത്ത ശ്രീനാരായണ ഗുരുവും വഴി നടക്കാൻ പൊരുതിയ അയ്യങ്കാളിയും അനാചാരങ്ങളെ ചുട്ടെരിച്ച വി.ടി. ഭട്ടതിരിപ്പാടും അയിത്തത്തെ തെറിപറഞ്ഞ ഗാന്ധിയുമൊക്കെ ഇത്തരത്തിലുള്ള തെറ്റുകൾ ഏറെ ചെയ്തുകൂട്ടിയിട്ടുണ്ട്. ഇതൊന്നും കണ്ടില്ലെന്നു നടിക്കാൻ ചാണ്ടിയെ കിട്ടില്ല. അദ്ദേഹം ഒരു തിരുമ്മൽ–സോറി–തിരുത്തൽ ശക്തിയായി തുടരുക തന്നെ ചെയ്യും. പൂർവ്വസൂരികൾ വീരകൃത്യം എന്ന മട്ടിൽ നേടിയെടുത്തതെല്ലാം ഒരു പൂവ് കശക്കിയെറിയുന്നതുപോലെ എത്ര അനായാസമായിട്ടാണ് മുഖ്യമന്ത്രിക്കസേരയിലിരുന്ന് അദ്ദേഹം തിരുത്തുന്നത്! വീണ്ടും പാടട്ടെ: 'ഹന്ത ഭാഗ്യം ജനാനാം'.

അടുത്തു നടക്കാൻ പോകുന്ന പിറവം നിയമസഭാതെരഞ്ഞെടുപ്പിൽ ജയിക്കാൻ വേണ്ടിയാണ് 'നായരുടെ നേതാവിന്റെ ജന്മദിനത്തിൽ നായർക്കവധി' നടപ്പാക്കിയതെന്നുള്ള പ്രചരണങ്ങൾ തൽപ്പരകക്ഷികളുടെ കുപ്രചരണങ്ങൾ മാത്രമാണ്. ഇതിന്റെ പേരിൽ മന്നത്ത് പത്മനാഭന്റെ സമാധി സ്ഥലത്തിനു ചാരെ ഉമ്മത്തു ചാണ്ടി നായർക്ക് അടുത്ത വർഷം മുതൽ ഒരു വെള്ളംകിണ്ടിയും ഒരു കെടാവിളക്കും നായർകുലം നിലനിൽക്കുന്ന കാലത്തോളം ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. ഇതിൽ അസൂയ പൂണ്ടവരാണ് വെറുതെ ജൽപനങ്ങൾ നടത്തുന്നത്.

ആന്റണിയെപ്പോലെ നിഷ്ക്രിയനായിരിക്കാൻ ചാണ്ടിനായരെ കിട്ടില്ല. വഴിയിൽ കാണുന്നവരെയെല്ലാം വിചാരണ കൂടാതെ വെടിവെച്ചുകൊല്ലാൻ പട്ടാളക്കാർക്ക് അധികാരം കൊടുക്കുന്ന 'സ്പെഷൽ ആംഡ് ഫോഴ്സ് ആക്റ്റ് 58' പിൻവലിക്കണമെന്നാവശ്യപ്പെട്ട് ഇറോം ശർമിള പതിനൊന്നു കൊല്ലമായി നിരാഹാരം കിടക്കുന്നു. 'ഇന്ത്യൻ ആർമി ഞങ്ങളെ ബലാൽസംഗം ചെയ്യൂ' എന്ന ബാനറിനു പിന്നിൽ പൂർണനഗ്നരായി മണിപ്പൂരിലെ അമ്മമാർ പട്ടാളക്യാമ്പിനു മുന്നിൽ പ്രകടനം നടത്തുന്നു. ഇന്ത്യൻ ജനാധിപത്യത്തെ അപഹസിച്ചുകൊണ്ട് വിദേശമാധ്യമങ്ങൾ ഇതെല്ലാം കൊണ്ടാടുന്നു. എന്നിട്ടും നമ്മുടെ പ്രതിരോധമന്ത്രി ആട്ടുകല്ലിന് കാറ്റുപിടിച്ചതുപോലെയുള്ള ഇരിപ്പു തുടരുന്നു. ജീവനുണ്ടെന്നു തെളിയിക്കാൻ ഇടയ്ക്കിടെ കോട്ടുവായിടുന്നതു തന്നെ വലിയ കാര്യം. അതേ സമയം ഉമ്മൻ സാർ പണിയെടുത്തു തളരുകയാണ്. മുഖ്യമന്ത്രിയാക്കാനാണ് ജനം തെരഞ്ഞെടുത്തതെങ്കിലും, ജനസമ്പർക്ക പരിപാടി എന്ന പേരിൽ പ്യൂണിന്റെ പണിയേ ചെയ്യൂ എന്ന ഒറ്റ കുറ്റം മാത്രമേ അദ്ദേഹത്തിനുള്ളൂ.

തിരുവാതിരക്ക് ധനുമാസരാവുകളിൽ സ്ത്രീകൾ തുടിച്ചുകുളിക്കാനും വായ്ക്കുരവയിടാനും കുളങ്ങൾ തേടി പോകുന്നതു പോലെ യുഡിഎഫിലെ സകല ഖദർ വേഷങ്ങളും മന്നം ജയന്തിക്ക് പെരുന്നയിൽ പൊരുന്നയിടാൻ എത്തിയിരുന്നു. കെപിസിസി പ്രസിഡന്റ് ചെന്നിത്തല നായർ നടത്തിയ മന്നം അനുസ്മരണ പ്രസംഗത്തിൽ ഒരു നായർ മെഡിക്കൽ കോളജ് എൻഎസ്എസ്സിന് അത്യാവശ്യമാണെന്ന്




ഊന്നിപ്പറയുകയുണ്ടായി. അങ്ങനെ യാകുമ്പോൾ നായർ കിഡ്നി, നായർ കണ്ണ്, നായർ ഹൃദയം എന്നിവയൊക്കെ നായർ ഉപഭോക്താക്കൾക്ക് തന്നെ ഉപയോഗിക്കാം. നായർ രക്തമെടുത്ത് നായർ സിരകളിലേക്ക് തന്നെ കടത്തിവിടുക. ഒരു പുതിയ രക്തചംക്രമണവ്യവസ്ഥയുണ്ടാക്കി പുതിയ രക്തരക്ഷസ്സുകളെ സൃഷ്ടിക്കുക. സ്വാശ്രയത്വം എന്ന ഗാന്ധിയൻ സ്വപ്നത്തിലേക്ക് ഇങ്ങനെ പടിപടിയായി ഉയർത്തി സ്വാശ്രയസമൂഹങ്ങളെ സൃഷ്ടിക്കുകയാണ് ചെന്നിത്തല ഉദ്ദേശിക്കുന്നതെന്ന് ഊഹിക്കാവുന്നതാണ്. എൻഎസ്എസ് ഉന്നയിക്കുന്ന കാര്യങ്ങളെല്ലാം ന്യായമാണെന്നും അതുകൊണ്ടാണ് സർക്കാർ അതൊക്കെ ചെയ്തുകൊടുക്കുന്നതെന്നും നാളെയും ചെയ്യാൻ തയ്യാറാണെന്നും ഉമ്മൻ ചാണ്ടി, നായർ പ്രമാണിമാരുടെ മുന്നിൽ അവരുടെ ആസ്ഥാനത്തു വെച്ച് പ്രസംഗിച്ചു.

ഭാഗ്യത്തിന്, മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് നൂറ്റിയിരുപത് അടിയായി കുറക്കണമെന്നാണ് എൻഎസ്എസ് പ്രമേയം പാസ്സാക്കിയത്. മുല്ലപ്പെരിയാർ ഡാം തകരുകയാണെങ്കിൽ നായർക്കും നായരുടെ വസ്തുവകകൾക്കും ഒരു കോട്ടവും തട്ടാതെ സർക്കാർ ശ്രദ്ധിക്കണമെന്നാണ് പ്രമേയം ആയിരുന്നതെങ്കിലോ? ന്യായമല്ലെന്നു പറഞ്ഞ് തള്ളാൻ പറ്റാത്ത ആ ആവശ്യത്തിനുമുന്നിൽ ഉമ്മൻ ചാണ്ടി കുഴഞ്ഞു പോയേനെ!

ഇതിനിടെ മുല്ലപ്പെരിയാർ പ്രശ്നം മാദ്ധ്യമങ്ങൾ ഉണ്ടാക്കുന്നതാണെന്നും ഡാം പൊട്ടിയാൽത്തന്നെ വെള്ളം മുഴുവനും ഇടുക്കി-ചെറുതോണി ഡാമുകളിൽ സുരക്ഷിതമാണെന്നും അഡ്വക്കേറ്റ് ജനറൽ കെ.പി. ദണ്ഡപാണി ഹൈക്കോടതിയിൽ വാദിച്ചു. മാദ്ധ്യമങ്ങൾ ഇത് വൻവിവാദമാക്കി. ഡാമിനൊരു കുഴപ്പവുമില്ലെന്ന് കേരളത്തിന്റെ അഡ്വക്കേറ്റ് ജനറൽ ഹൈക്കോടതിയിൽ വാദിച്ചെന്നും പറഞ്ഞ് ജയലളിത ഉടൻതന്നെ പ്രധാനമന്ത്രിക്ക് കത്തയച്ചു. ഇതേ കാര്യത്തിൽ കരുണാനിധിയുടെ നേതൃത്വത്തിൽ ഡിഎംകെ പ്രമേയം പാസ്സാക്കി. സർക്കാർ വക്കീലിന്റെ വായിലിരിപ്പുകൊണ്ടുതന്നെ കേരളം സുപ്രീം കോടതിയിൽ തമിഴ്നാടിനോട് തോൽക്കാൻ പോവുകയാണെന്ന സ്ഥിതി വിശേഷം പെട്ടെന്ന് സംജാതമായി. ദണ്ഡപാണിക്കെതിരെ കേരളത്തിലെ ജനങ്ങളും രാഷ്ട്രീയനേതാക്കളും ഇളകിയപ്പോൾ അയാളെ മൂക്കിൽ വലിച്ചു കയറ്റും എന്ന മട്ടിലായിരുന്നു ഉമ്മൻ ചാണ്ടിയുടെ ആവേശത്തോടെയുള്ള പ്രതികരണം. മന്ത്രിസഭായോഗത്തിൽ വിളിച്ച് വിശദീകരണം ചോദിക്കും എന്ന അറിയിപ്പു പിന്നാലെ വന്നു. മന്ത്രിസഭായോഗത്തിനു ശേഷം ആവേശമെല്ലാം ചോർന്ന് അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം സർക്കാരിന്റെ അഭിപ്രായമാണ് എന്നായിരുന്നു മുഖ്യമന്ത്രി പറഞ്ഞത്. പേറു നോക്കാൻ പോയ പതിച്ചി ഇരട്ടപെറ്റു എന്നു പറഞ്ഞതു പോലെയായി ഇത്. ദണ്ഡപാണി ഈഴവനാണ് എന്ന വെള്ളാപ്പിള്ളി നടേശന്റെ ഒരു വായ്മൊഴിയാണ് ഇതിനു കാരണം. വെള്ളാപ്പിള്ളി അദ്ദേഹത്തിന്റെ ദണ്ഡ് വീശിയാൽ പിറവത്ത് പ്രശ്നമാകുമെന്ന് ബോദ്ധ്യമുള്ളതുകൊണ്ടാണ് ഈ കടകം മറിച്ചിൽ നടത്തിയത്. ഈഴവനേയും നായരേയും ചേർത്ത് ഉണ്ടാക്കുന്ന സുർക്കി പിറവം ഡാമിനെ രക്ഷിക്കുമായിരിക്കും. ചുണ്ണാമ്പും ശർക്കരയും ചേർത്തുണ്ടാക്കിയ മുല്ലപ്പെരിയാർ ഡാം പൊട്ടി മുപ്പത്തഞ്ചു ലക്ഷം അറബിക്കടലിലെത്തുന്നതിലും പ്രധാനം പിറവം ഡാം പൊട്ടാതെ നോക്കുന്നതാണ്.

പരസ്പരം ചേരാത്ത നായരേയും ഈഴവനേയും ചേർത്ത് സുർക്കിയുണ്ടാക്കി കാര്യം നേടുന്ന ഈ വിദ്യ മന്ത്രിസ യിലും കാണാം. നാൽപ്പത്തഞ്ചു ഡിഗ്രിയിൽ കൂടുതൽ കൈകൾ പൊക്കാൻ കഴിയാത്ത ജോസഫും, ശ



രീരത്തിലെ സകല അവയവങ്ങളും എത്ര ഡിഗ്രി വേണമെങ്കിലും പൊക്കാനും താഴ്ത്താനും കഴിയുന്ന കുഞ്ഞാലിയും അദ്ദേഹത്തിന്റെ ദർബാറിനെ അലങ്കരിക്കുന്നു.

നായന്മാരെ കൂട്ടാതെ ആർക്കും ഭരിക്കാനാവില്ലെന്ന അർത്ഥത്തിലുള്ള സുകുമാരൻ നായരുടെ അഭിപ്രായം എന്തൊക്കെ പറഞ്ഞാലും പിണറായി വിജയനെ ചൊടിപ്പിച്ചു. നായന്മാരുടെ അട്ടിപ്പേറവകാശം ഒരു സംഘടനക്ക് മാത്രമാണെന്ന് അംഗീകരിച്ചുകൊടുക്കാനാവില്ലെന്ന പിണറായിയുടെ അഭിപ്രായത്തിന് സുകുമാരൻ നായരുടെ മറുപടി ഇതായിരുന്നു. സിപിഎമ്മിനുള്ളിലും നായന്മാരുണ്ടെന്ന കാര്യം പിണറായി മനസ്സിലാക്കണം. ഈ മറുപടിയിലൂടെ എല്ലാ നായരും പെരുന്നയിൽ പോയി പൊരുന്നയിരിക്കുന്ന വരല്ലെന്ന് സുകുമാരൻ നായർ അംഗീകരിച്ചിരിക്കുകയാണ്.

ഗുരുവായൂർ സത്യാഗ്രഹകാലത്ത്, തന്നെ ക്രൂരമായി മർദ്ദിച്ച നായർ പ്രമാണികളെ നോക്കി പി. കൃഷ്ണപിള്ള പറയുകയുണ്ടായി. 'നല്ല നായർ മണിയടിക്കും. എൻഎസ്എസ് നായർ പുറത്തടിക്കും'. ഇതിന്റെ വകഭേദമായി നാട്ടിൻപുറത്ത് ഒരു ചൊല്ല് ഉണ്ട്. സുകുമാരൻ നായരും, നായർക്കു മാത്രം അവധി അനുവദിച്ച ഉമ്മത്ത് ചാണ്ടി നായരും നാട്ടിൽ നടപ്പുള്ള ഈ നാട്ടുചൊല്ല് കേൾക്കുന്നത് അവർക്ക് ചിലപ്പോൾ ഗുണം ചെയ്തേക്കാം. "രണ്ട് തരം നായർ ഉണ്ട്! ഒന്ന് എൻഎസ്എസ് നായർ!! പിന്നൊന്ന് നല്ല നായർ!!! "